പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5960 — 04/07/2019 മറുപടിയ്ക്ക്

## വിദ്യാഭ്യാസ വായ്പയെടുത്ത് വഞ്ചിതരാകുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, ഷാഫി പറമ്പിൽ<br>,, കെ.എസ്.ശബരീനാഥൻ<br>,, വി.പി.സജീന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പയെടുത്ത് ചതിക്കുഴിയിലാകുന്നവരുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ വായ്പയെടുക്കുന്നവർ പരമാവധി കേരളത്തിൽ തന്നെ പഠിക്കുന്നതാണ് നല്ലതെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി വിദ്യാർത്ഥികൾക്ക് ഉപദേശം നൽകിയിട്ടുണ്ടോ; | (എ), (ബി), (സി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അങ്ങിനെ ഒരു ഉപദേശം നൽകുകയോ അത്തരമൊരു കണ്ടെത്തൽ നടത്തുകയോ ചെയ്തിട്ടില്ല എന്ന വ്യക്തമാക്കിയിട്ടുണ്ട് |
| (ബി) സംസ്ഥാനത്ത് ഇപ്പോൾ തന്നെ മികച്ച കോഴ്സുകൾ പഠിക്കുന്നതിനുള്ള സൗകര്യം ഉള്ളപ്പോൾ അത് ഉപയോഗിക്കാതെ കർണ്ണാടക, ആന്ധ്ര, തമിഴ്നാട് സംസ്ഥാനങ്ങളിലെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ പോകുന്ന പ്രവണത നിരുത്സാഹപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോ; | |
| (സി) കേരളത്തിൽ നിന്നും പോകുന്ന അയ്യായിരം വിദ്യാർത്ഥികളെങ്കിലും പ്രതിവർഷം വഞ്ചിതരാകുന്നുവെന്ന ബാങ്കേഴ്സ് സമിതിയുടെ കണ്ടെത്തൽ സർക്കാർ ഗൗരവമായി പരിഗണിച്ച് ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തുമോ? | |

സെക്ഷൻ ഓഫീസർ